(ഇ) ഇല്ല.

(എഫ്) ഉണ്ട്.തീരുമാനമൊന്നും ആയിട്ടില്ല.

വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം

19 (*49) ശ്രീ. എം. മുരളി :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) 1998-ലെ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷൻ രൂപീകരിക്കാതിരിക്കാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ കാല താമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) 1989-ലെ ആക്ട് നിലവിൽ വന്നശേഷം നടത്തുന്ന താരിഫ് വർദ്ധന അതോറിറ്റിയുടെ പരിശോധനയ്ക്ക് ശേഷമായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ഇ) താരിഫ് ഘടനയിലെ അപാകതകൾ പരിശോധിച്ച് പരിഹരിക്കാൻ അതോറിറ്റിയ്ക്ക് ആക്ട് അധികാരം നൽകുന്നുണ്ടോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. എസ്. ശർമ്മ) ;

(എ,ബി,സി,ഡി&ഇ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി

20 (*50) ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) അസംഘടിത തൊഴിലാളികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ സഹസ്രാബ്ദത്തിലെ ആദ്യ മെയ്ദിനം തൊഴിലാളി പങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ ഇതിനായി എന്തെങ്കിലും പുതിയ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) നിലവിലുള്ള കേരള കൈ തൊഴിലാളി, വിദഗ്ദ്ധ തൊഴിലാളി ക്ഷേമ നിധി പദ്ധതി പരിഷ്കരിച്ച് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളേയും ഉൾപ്പെടുത്തി, ഒരു ക്ഷേമനിധി നിയമമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ, ലേബർ അജൻഡയുടെ ഭാഗമായി അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് വൈദ്യസഹായം നൽകാനുള്ള ഒരു ഫണ്ട് രൂപീകരിക്കുന്നതാണ്. (മെഡിക്കൽ റിലീഫ് ഫണ്ട്).

(ബി) ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്. ഇതിലേയ്ക്കുള്ള നിർദ്ദേശം ലേബർ കമ്മീഷണർ എല്ലാ ജില്ലാ ലേബർ ഓഫീസറൻമാർക്കും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ജില്ലാ ഭരണകൂടവും സ്പോർട്സ് കൗൺസിലും തൊഴിൽ വകുപ്പും സംയോജിതമായി തൊഴിലാളികളുടേയും കുടുംബാംഗങ്ങളുടേയും കലാകായിക മൽസരങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനുള്ള നടപടി

21 (*51) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി വീടില്ലാത്ത എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) 2001 ജനുവരി 26-ന് മുമ്പ് ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly